Police—Back-water patrols—particulars regarding.

192. Mr. Popatlal Goverdhan Lalan *(Mattancheri-North).*—Will the Government be pleased to state whether back-water patrols are regularly made by the Police in the launch supplied for the purpose; and if so, how many cases of theft or unlawful landings from Steamers have been detected so far, together with the details of cases detected?

Mr. A. L. Devassy *(Commissioner of Police).*—Yes. No cases of thefts or unlawful landings from Steamers were reported.

Central Bank—sentry arrangements—particulars regarding.

ഫൻസ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*—താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ഗവർമ്മെണ്ടിന്ന ദയവുണ്ടാകുമോ:—

(ക) എറണാകുളത്തുള്ള സെൻട്രൽ ബാങ്കിൽ സെൻട്രീസായി എത്ര കാൺസ്റ്റബിൾമാരെ ഗവമ്മെണ്ടിൽനിന്നും ദിവസംപ്രതി അയക്കുന്നുണ്ട്;

(ഖ) അതിൽ ഓരോരുത്തക്കും ബാങ്കുകാർ എത്ര ഉറുപ്പിക വീതമാണ് ഗവമ്മെണ്ടിലേക്ക പ്രതിമാസം കെട്ടിവരുന്നത്;

(ന) ബാങ്കിൽ ഈ കാൺസ്റ്റബിൾമാർ എത്ര മണിക്കൂർ വീതം ജോലി ചെയ്യേണ്ടതുണ്ട്;

(ര) പ്രസ്തുത ബാങ്കിൽ ഓഫരിക്കാരായി ഗവമ്മെണ്ട ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും ഉണ്ടോ;

(ങ) ഉണ്ടെങ്കിൽ അത ആരൊക്കെയാണ്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police).*—
(ക) രണ്ട്.

(ഖ) ഫവ്വ കെ. വീതം.

(ന) ൽ മണിക്കൂർ വീതം; ര പ്രാവശ്യം ബാങ്ക് കെട്ടിടത്തിൽ ഉണ്ടായിരിക്കണം.

(ര) അറിയുന്നില്ല.

(ങ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*—ഒരു കാൺസ്റ്റബിളിന്ന ഒരു ദിവസം ഫര മണിക്കൂറിനകത്തു രാവും പകലുമായി എ

LIBRARY ARCHIVES Kerala Legislative Assembly

ത്ര മണിക്ക്രൂർ അവിടെ ജോലിചെയ്യണമെന്ന വച്ചിട്ടുണ്ട് എന്ന പറയാമൊ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഡ്യൂട്ടിക്ക അവിടെ ഫവ മണിക്ക്രൂർ ഉണ്ടായിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ കാൺസ്റ്റബിളിനു രാത്രിയിൽ എന്താണു ജോലി?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഈ ഫവ മണിക്ക്രൂറിൽ രാത്രിയും ഉൾപ്പെട്ടം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— രാത്രിയിൽ അവിടെ രണ്ടുപേരും ഉണ്ടായിരിക്കണമെന്നുണ്ടൊ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—സാധാരണ ഉണ്ടാകാറുണ്ട്. രാത്രിയിൽ ഡ്യൂട്ടിക്ക വരുന്നാളെ ഡ്യൂട്ടി ഏല്പിച്ചു പുറത്തേക്ക പോകുന്നതിനു പകരം അവിടെതന്നെ കിടക്കുകയാണു ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഡ്യൂട്ടി ഏല്പിക്കുവാൻ ഇരിക്കുന്നതുകൊണ്ടൊ കിടക്കുവാൻ വേറെ സ്ഥലം ഇല്ലാത്തതുകൊണ്ടൊ അവിടെ കിടക്കുന്നതു്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—ഡ്യൂട്ടി ഏല്പിച്ചുകൊടുക്കുന്നതുവരെ ആദ്യത്തെ ആൾ അവിടെ ഇരിക്കും. ഡ്യൂട്ടി ഏല്പിച്ചതിനു ശേഷം അയാൾ ഉറക്കമിളച്ചിരിക്കണമെന്നില്ല. പുറത്തേക്ക പോകാൻ സൌകര്യമില്ലെങ്കിൽ അയാൾ അവിടെതന്നെ കിടക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— രാത്രിയിൽ രണ്ടുംപേരുംക്രൂടി ഡ്യൂട്ടി നോക്കണമെന്നുണ്ടൊ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഒരേ സമയത്തു രണ്ടുപേരുംക്രൂടി ഉറക്കമിളച്ചിരിക്കേണ്ട കാര്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—അപ്പോൾ രാത്രിയും പകലുമായി ഫവ മണിക്ക്രൂർ ജോലി ചെയ്യേണ്ട ഇടവരുന്നുണ്ടൊ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഇല്ല. ഫവ മണിക്ക്രൂറിന്റെ ജോലിയേ ഉള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ ഡ്യൂട്ടിക്ക നിന്നിരുന്ന കാൺസ്റ്റബിൾമാരിൽ ആരെയെങ്കിലും ഡിസ്മിസ് ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— തീച്ചുപറയാൻ സാധിക്കയില്ല. ഒരിക്കൽ ഒരാളെ ഡിസ്മിസ് ചെയ്തിട്ടുണ്ടെന്നു തോന്നുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— ഇതിൽ പറഞ്ഞിരിക്കുന്നപ്രകാരം ഫ്രാ ക. കെട്ടി വേറെ വല്ലവരും ആവശ്യപ്പെട്ടാൽ കാൺസ്റ്റബിൾമാരെ ഗവൺമെൻറിൽനിന്നും അയച്ചുകൊടുക്കുമോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ആരെങ്കിലും ആവശ്യപ്പെട്ടാൽ അയച്ചു കൊടുക്കയില്ല. ഗവൺമെൻറിനു വേണമെന്നു ബോദ്ധ്യംവരുന്ന ആൾക്കു കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഡിസ്മിസു ചെയ്തവരെ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഒാമ്മയില്ല. തീർത്തുപറയുവാൻ നിവൃത്തിയില്ലെന്നു മുമ്പു പറഞ്ഞുവല്ലൊ.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).—സബ്ബ് ഡിവിഷൻ ർ-ൽ അറിയുന്നില്ല എന്നു പറഞ്ഞു. അതു അറിയുവാൻവല്ല മാർഗ്ഗവും ഗവൺമെൻറു ചെയ്തിട്ടുണ്ടോ?

Sir, my question was not answered.

Mr. President.—There is no answer; that is all. Government have no information.

Mr. K. M. Ibrahim (*Cranganur*).—That answer should have been given. I ask whether any attempt was made to get the information?

Mr. A. L. Devassy (*Commissioner of Police*).—No particular attempt was made to get the information.

Mr. K. M. Ibrahim (*Cranganur*).—Is that the proper way to answer?

Police Officer, Irinjalakkuda—complaint against—information regarding.

194. Mr. V. K. Krishnankutty (*Anthikad*).—Will the Government be pleased to state:—

(a) whether the Commissioner of Police has received any letter from Mr. M. Govindan, B. A. B. L., a Retired Judge of Travancore, complaining against the conduct of a certain Police Officer at Irinjalakkuda;

(b) will the Government be pleased to print a copy of the letter and place it on the table of each member;

(c) whether the Commissioner of Police has taken any action in the matter?

LIBRARY ARCHIVES Kerala Legislative Assembly